# Visit of the Prime Minister of the United Kingdom to India (April 21-22, 2022)

April 22, 2022

**യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം (ഏപ്രിൽ 21-22, 2022) ഏപ്രിൽ 22, 2022**

1. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം 2022 ഏപ്രിൽ 21 മുതൽ 22 വരെ യുണൈറ്റഡ് കിംഗ്ഡം പ്രധാനമന്ത്രി ബഹുമാന്യനായ ബോറിസ് ജോൺസൻ ഇന്ത്യയിലേക്കുള്ള ഒരു ഔദ്യോഗിക സന്ദർശനം നടത്തി . യുകെ പ്രധാനമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്.

2. 2022 ഏപ്രിൽ 22-ന് രാഷ്ട്രപതി ഭവനിൽ പ്രധാനമന്ത്രി ജോൺസണ് ആചാരപരമായ സ്വീകരണം നൽകി, പ്രധാനമന്ത്രി മോദി അദ്ദേഹത്തെ സ്വീകരിച്ചു. പ്രധാനമന്ത്രി ജോൺസൺ പിന്നീട് രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് പുഷ്പചക്രം അർപ്പിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

3. പ്രധാനമന്ത്രി മോദി ഹൈദരാബാദ് ഹൗസിൽ സന്ദർശക പ്രധാനമന്ത്രിയുമായി ഉഭയകക്ഷി കൂടിയാലോചനകൾ നടത്തുകയും അദ്ദേഹത്തോടുള്ള ആദരസൂചകമായി ഒരു വിരുന്ന് നടത്തുകയും ചെയ്തു. നേരത്തെ, വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ യുകെ പ്രധാനമന്ത്രിയെ സന്ദർശിച്ചിരുന്നു.

4. ഉഭയകക്ഷി ചർച്ചയിൽ, 2021 മെയ് മാസത്തിൽ നടന്ന വെർച്വൽ ഉച്ചകോടിയിൽ സമാരംഭിച്ച റോഡ്മാപ്പ് 2030-ൽ കൈവരിച്ച പുരോഗതിയെ ഇരു പ്രധാനമന്ത്രിമാരും അഭിനന്ദിക്കുകയും ഉഭയകക്ഷി ബന്ധങ്ങളുടെ മുഴുവൻ വശങ്ങളിലും കൂടുതൽ ശക്തവും പ്രവർത്തനപരവുമായ സഹകരണം പിന്തുടരാനുള്ള തങ്ങളുടെ പ്രതിജ്ഞാബദ്ധത ആവർത്തിക്കുകയും ചെയ്തു. നടന്നുകൊണ്ടിരിക്കുന്ന എഫ്ടിഎ ചർച്ചകളിലെയും മെച്ചപ്പെട്ട വ്യാപാര പങ്കാളിത്തം നടപ്പിലാക്കുന്നതിലെ പുരോഗതിയെയും അവർ അഭിനന്ദിക്കുകയും 2022 ഒക്ടോബർ അവസാനത്തോടെ സമഗ്രവും സന്തുലിതവുമായ വ്യാപാര ഇടപാട് അവസാനിപ്പിക്കാൻ സമ്മതിക്കുകയും ചെയ്തു.2030ഓടെ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുന്നതിന് എഫ്ടിഎ വഴിയൊരുക്കും.

5. ഇന്ത്യ-യുകെ സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന്റെ പ്രധാന ഘടകമായി പ്രതിരോധ, സുരക്ഷാ സഹകരണത്തിൽ മാറ്റം വരുത്താൻ ഇരു നേതാക്കളും സമ്മതിച്ചു, ഇരു രാജ്യങ്ങളിലെയും സായുധ സേനകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സഹകരണാടിസ്ഥാനത്തിലുള്ള വികസനവും ഉൽപാദനവും ഉൾപ്പെടെ പ്രതിരോധ സഹകരണത്തിനുള്ള അവസരങ്ങൾ ചർച്ച ചെയ്തു. സൈബർ ഗവേണൻസ്, സൈബർ പ്രതിരോധം, നിർണായകമായ ദേശീയ അടിസ്ഥാന

സൗകര്യങ്ങൾ സംരക്ഷിക്കൽ എന്നീ മേഖലകളിൽ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട സഹകരണം കൂടുതൽ ശക്തമാക്കുന്നതിന് ഇരുപക്ഷവും സംയുക്ത പ്രസ്താവന പുറത്തിറക്കി. തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും നിരന്തരമായ ഭീഷണിയെ ചെറുക്കുന്നതിന് കൂട്ടായി പ്രവർത്തിക്കാനും അവർ സമ്മതിച്ചു.

6. ഇന്തോ-പസഫിക്, അഫ്ഗാനിസ്ഥാൻ, യുഎൻഎസ്‌സി, ജി20, കോമൺവെൽത്ത് എന്നിവയിലെ സഹകരണം ഉൾപ്പെടെ പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ ഇരു പ്രധാനമന്ത്രിമാരും കാഴ്ചപ്പാടുകൾ കൈമാറി. നാവിക സുരക്ഷാ  സ്തംഭത്തിന് കീഴിലുള്ള ഇന്തോ-പസഫിക് സമുദ്രത്തിന്റെ സംരംഭത്തിൽ യുകെ ചേരുന്നതിനെ ഇന്ത്യ സ്വാഗതം ചെയ്യുകയും ഇന്തോ-പസഫിക് മേഖലയിലെ ഇടപെടലുകൾ വർദ്ധിപ്പിക്കാൻ സമ്മതിക്കുകയും ചെയ്തു.

7. നിലവിൽ നടക്കുന്ന ഉക്രെയ്ൻ-റഷ്യ സംഘർഷത്തെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. വർദ്ധിച്ചുവരുന്ന മാനുഷിക പ്രതിസന്ധിയിൽ പ്രധാനമന്ത്രി മോദി അഗാധമായ ഉത്കണ്ഠ രേഖപ്പെടുത്തുകയും അക്രമം ഉടൻ അവസാനിപ്പിക്കുകയും നേരിട്ടുള്ള സംഭാഷണത്തിലേക്കും നയതന്ത്രത്തിലേക്കും മടങ്ങുക എന്നതാണ് ഏക പോംവഴി എന്ന തന്റെ ആഹ്വാനവും ആവർത്തിച്ചു.

8. കഴിഞ്ഞ വർഷം സി ഓ പി 26 വിജയകരമായി സംഘടിപ്പിച്ചതിന് പ്രധാനമന്ത്രി ജോൺസണെ പ്രധാനമന്ത്രി അഭിനന്ദിച്ചു.പാരീസ് ഉടമ്പടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും ഗ്ലാസ്ഗോ കാലാവസ്ഥാ ഉടമ്പടി നടപ്പിലാക്കുന്നതിനുമുള്ള അതിമോഹമായ കാലാവസ്ഥാ നടപടികളോടുള്ള പ്രതിബദ്ധത അവർ ആവർത്തിച്ചു. ഓഫ്-ഷോർ വിൻഡ് എനർജി, ഗ്രീൻ ഹൈഡ്രജൻ എന്നിവയുൾപ്പെടെ ശുദ്ധമായ ഊർജത്തിന്റെ ദ്രുതഗതിയിലുള്ള വിന്യാസത്തിൽ സഹകരണം വർദ്ധിപ്പിക്കാനും ഐ എസ് എ  യുടെയും  ഐ ആർ ഐ എസ്   പ്ലാറ്റ്‌ഫോമിന്റെ കീഴിലുള്ള ഗ്ലോബൽ ഗ്രീൻ ഗ്രിഡ്സ്-വൺ സൺ വൺ വേൾഡ് വൺ ഗ്രിഡ് ഇനിഷ്യേറ്റീവ് (OSOWOG) ന്റെയും  സി ഓ പി 26-ൽ ഇന്ത്യയും യുകെയും സംയുക്തമായി ആരംഭിച്ച സി ഡി ആർ ഐ യുടെയും കീഴിലുള്ള പ്രവർത്തനത്തിനായി സഹകരിക്കുന്നതിനും ഇരു മന്ത്രിമാരും അനുകൂലിച്ചു .

9. ഇന്ത്യ-യുകെ ഗ്ലോബൽ ഇന്നൊവേഷൻ പാർട്ണർഷിപ്പ്, ഗ്ലോബൽ സെന്റർ ഫോർ ന്യൂക്ലിയർ എനർജി പാർട്ണർഷിപ്പ് (ജിസിഎൻഇപി) സംബന്ധിച്ച രണ്ട് ധാരണാപത്രങ്ങൾ സന്ദർശന വേളയിൽ കൈമാറ്റം ചെയ്യപ്പെട്ടു. ഗ്ലോബൽ ഇന്നൊവേഷൻ പാർട്ണർഷിപ്പിലൂടെ ഇന്ത്യയും യുകെയും 75 മില്യൺ പൗണ്ട് വരെ സഹ-ധനസഹായം നൽകി മൂന്നാം രാജ്യങ്ങളിലേക്ക് കാലാവസ്ഥാ സ്മാർട്ട് സുസ്ഥിര കണ്ടുപിടിത്തങ്ങൾ കൈമാറ്റം ചെയ്യുന്നതിനും വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഈ പങ്കാളിത്തത്തിന് കീഴിൽ സൃഷ്ടിക്കപ്പെട്ട നോവൽ ജിഐപി

ഫണ്ട് ഇന്ത്യയെ പിന്തുണയ്ക്കുന്നതിനായി വിപണിയിൽ നിന്ന് 100 മില്യൺ പൗണ്ട് അധികമായി സമാഹരിക്കുന്നതിനും ലക്ഷ്യമിടുന്നു.

10. താഴെപ്പറയുന്ന പ്രഖ്യാപനങ്ങളും നടത്തി - (I) സ്ട്രാറ്റജിക് ടെക് ഡയലോഗ് – 5G, AI തുടങ്ങിയ പുതിയതും വളർന്നുവരുന്നതുമായ ആശയവിനിമയ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള മന്ത്രിതല സംഭാഷണം. (II) ഇന്റഗ്രേറ്റഡ് ഇലക്ട്രിക് പ്രൊപ്പൽഷന്റെ സഹകരണം - രണ്ട് നാവികസേനകൾ തമ്മിലുള്ള സാങ്കേതിക വിദ്യയുടെ സഹ-വികസനം.

11. പ്രധാനമന്ത്രി ജോൺസൺ നേരത്തെ ഏപ്രിൽ 21 ന് ഗുജറാത്തിലെ അഹമ്മദാബാദിൽ നിന്ന് സന്ദർശനം ആരംഭിച്ചിരുന്നു, അവിടെ അദ്ദേഹം സബർമതി ആശ്രമം, വഡോദരയിലെ മാസ്വാദ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ജെസിബി പ്ലാന്റ്, ഗാന്ധിനഗറിലെ ഗിഫ്റ്റ് സിറ്റിയിലെ ഗുജറാത്ത് ബയോടെക്നോളജി യൂണിവേഴ്സിറ്റി എന്നിവ സന്ദർശിച്ചു.

12. ഇന്ത്യയുടെ പ്രസിഡൻസിക്ക് കീഴിലുള്ള ജി20 ഉച്ചകോടിക്കായി 2023ൽ പ്രധാനമന്ത്രി ജോൺസണെ പ്രധാനമന്ത്രി മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു. യുകെ സന്ദർശിക്കാനുള്ള തന്റെ ക്ഷണം പ്രധാനമന്ത്രി ജോൺസൺ ആവർത്തിച്ചു. പ്രധാനമന്ത്രി മോദി ക്ഷണം സ്വീകരിച്ചു.

<u>കൈമാറിയ ധാരണാപത്രങ്ങളുടെ പട്ടിക</u>

**ന്യൂ ഡെൽഹി**
**ഏപ്രിൽ 22, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.